HLM-0221

The Heavenly Light Ministry

ഹീനമനുജനനം എടുത്ത
യേശുരാജൻ നിൻ സമീപേ നിൽപ്പു
ഏററുകൊള്ളവനെ തള്ളാതെ
കൈകളിൽ കാൽകളിൽ ആണികൾ തറച്ചു
മുൾമുടി ചൂടിനാൻ പൊൻശിരസ്സതിന്മേൽ
നിന്ദയും ദുഷിയും പീഡയും സഹിച്ചു
ദിവ്യമാം രുധിരം ചൊരിഞ്ഞു നിനക്കായ്
കരുണയ്ക്കായ് നിന്നെ വിളിച്ചിടുന്നു... ഹീനമനു

തല ചായ്ക്കുവാൻ സ്ഥലവും ഇല്ലാതെ
ദാഹം തീർക്കുവാൻ ജലവും ഇല്ലാതെ
ആശ്വാസം പറവാൻ ആരും തന്നില്ലാതെ
അരുമ രക്ഷകൻ ഏകനായ് മരിച്ചു
ആ പാടുകൾ നിൻ രക്ഷയ്ക്കേ.. ഹീനമനു

അവൻ മരണത്താൽ സാത്താന്റെ തല തകർത്തു
തന്റെ രക്തത്താൽ പാപക്കറകൾ നീക്കി
നിന്റെ വ്യാധിയും വേദനയും നീക്കുവാൻ
നിന്റെ ശാപത്തിൽനിന്ന വിടുതൽ നൽകാൻ
കുരിശിൽ ജയിച്ചെല്ലാറെറയും... ഹീനമനു

മായാലോകത്തെ തെല്ലുമേ നമ്പാതെ
മാനവമാനസം ആകെയും മാറുമേ
മാറാത്ത ദേവനെ സ്നേഹിച്ചീടുന്നെങ്കിൽ
നിത്യമാം സന്തോഷം പ്രാപിച്ചാനന്ദിക്കാം
ആശയോടു നീ വന്നീടുക... ഹീനമനു

ഇനിയും താമസമാകുമോ? മകനെ
അൻപിൻ യേശുവിങ്കൽ കടന്നു വരുവാൻ
ഈ ഉലകം തരാതുള്ള സമാധാനത്തെ
ഇന്നു നിനക്കു തരുവാനായ് കാത്തിടുന്നു
അൻപിലേശു വിളിച്ചിടുന്നു... ഹീനമനു